# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-8/1069/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-8/1069/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.പുഷ്പരാജ് വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ടീന ടോം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. പി ജി സൈറസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിജി എസ് | സെക്രട്ടറി | 01-04-2022 | 28-04-2022 |
| ശ്രീ.ബിനു ആർ | സെക്രട്ടറി | 29-04-2022 | 22-05-2022 |
| ശ്രീമതി. ബിജി എസ് | സെക്രട്ടറി | 23-05-2022 | 06-10-2022 |
| ശ്രീ.ജെനിമോൻ എസ് | സെക്രട്ടറി | 07-10-2022 | 26-11-2022 |
| ശ്രീ. വി.എം സജി | സെക്രട്ടറി | 27-11-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ.ജഗനാഥൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. രാജീവ് പി | വെറ്ററിനറി സർജൻ | 01-04-2022 | 06-08-2022 |
| ഡോ.ബിജു എസ് | വെറ്ററിനറി സർജൻ | 07-08-2022 | 31-03-2023 |
| ശ്രീമതി.അഞ്ജു അരുമണായകം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| ശ്രീമതി.ജീന വർഗ്ഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ഡോ. പൂർണ്ണിമ | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ. സുനി കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സിത്താര ടി കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.യു ആദംകുട്ടി | ഹെഡ്മാസ്റ്റർ, ഗവ.യു പി എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രിയ കെ എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സലീല എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ പി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പുന്നപ്ര തെക്ക്) | 01-04-2022 | 05-08-2022 |
| ശ്രീ.രഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അഡീഷ്ണൽ ചാർജ് പുന്നപ്ര തെക്ക്) | 06-08-2022 | 18-09-2022 |

| | | | |
|---|---|---|---|
| ശ്രീ.രാജു പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പുന്നപ്ര തെക്ക്) | 19-09-2022 | 04-11-2022 |
| ശ്രീ.രഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അഡീഷ്ണൽ ചാർജ് പുന്നപ്ര തെക്ക്) | 05-11-2022 | 15-01-2023 |
| ശ്രീ.ജൂഡി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പുന്നപ്ര തെക്ക്) | 16-01-2023 | 31-03-2023 |
| ശ്രീ.രഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അറവുകാട്) | 01-04-2022 | 31-03-2023 |
| ശ്രീമതി.ലത എസ് കുമാർ | എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എൻജിനീയർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | യഥാസമയം പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | വസ്തു നികുതി സഞ്ചയയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-6 |
| 8 | എ.സി.ആർ പ്രകാരമുള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ട് ലഭ്യമാവാതിരുന്ന തുക ചെലവഴിച്ചു | 1-1-8 |
| 10 | തെറ്റായ ഹെഡിൽ തുക വരവ് വെച്ചു | 1-1-9 |
| 11 | വാർഷിക കണക്കിൽ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡീച്ചറിൽ അസാധാരണമായ വർദ്ധനവ് | 1-1-10 |
| 12 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയില്ല | 1-1-11 |
| 13 | വാർഷിക കണക്കിനൊപ്പം B1 Schedule ലഭ്യമാക്കിയില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം) | 1-4 |
| 17 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 24 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 25 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-12 |

| | | |
|---|---|---|
| 26 | സാമൂഹ്യക്ഷേമപെൻഷൻ അനർഹമായ കാലയളവിൽ വിതരണം നടത്തി | 1-13 |
| 27 | വെള്ളക്കരം വൻ തുക കുടിശ്ശിക നിലനിൽക്കുന്നു | 1-14 |
| 28 | ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് അൺടൈഡ് ഫണ്ടിൽ നിന്നും തുക അനുവദിച്ചു | 1-15 |
| 29 | ഐ.കെ.എം വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-16 |
| 30 | ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി | 1-17 |
| 31 | വിവിധ തോടുകളുടെ നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു | 1-18 |
| 32 | മുൻകൂർ തുക നൽകി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-19 |
| 33 | ലൈഫ് ഭവന നിർമാണ പദ്ധതി - ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-20 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ -പദ്ധതിയിലെ അപാകതകൾ | 1-21 |
| 35 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തിൽ നിന്നും മുൻകാലങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതവശേഷിക്കുന്നു | 1-22 |
| 36 | ഇടവിള കിറ്റ് - വിതരണരേഖകൾ അപൂർണ്ണം-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 37 | അനുപൂരക പോഷകാഹാര പരിപാടി-അപാകതകൾ | 1-24 |
| 38 | തനത് വരുമാന വർദ്ധനയ്ക്കായി സ്വീകരിച്ച നടപടികൾ- അവലോകനം | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വിവിധ തോടുകളുടെ നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.06.2023-ലെ 4-7 നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) റേഷ്യോസ്

2) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)53,54,446 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [62,79,169/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 യഥാസമയം പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ) പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുന്നപ്ര | | |

| | | |
|---|---|---|
| 1 | 034667/27.12.2022 | 240 |
| 2 | 034669/27.12.2022 | 200 |
| എൽ.ജി.റ്റി.എസ്.ബി ട്രഷറി | | |
| 1 | 5228487 / 30.4.2022 | 61,630 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-1-4 വസ്തു നികുതി സഞ്ചയയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള കളക്ഷൻ തുകകളും വാർഷിക കണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| Residential Building (Arrears) | 3,57,044 | 3,58,926 |
| Residential Building (Current) | 19,23,616 | 19,31,167 |
| Non Residential Building (Arrears) | 27,353 | 27,417 |
| Non Residential Building (Current) | 19,22,575 | 19,24,858 |

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ അഡ്വാൻസ് കളക്ഷനായി ലഭിച്ചിട്ടുള്ളത് 2,348/-രൂപ മാത്രമാണ്.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 02.09.2022-ലും, 31.03.2023-ലും മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

### 1-1-6 ഡിപ്രീസിയേഷൻ തുക ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

റോഡ്സ് & ബ്രിഡ്ജസിന്റെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

വിവിധതരം റോഡുകളുടെയും പാലങ്ങളുടെയും മറ്റും ആകെ ആസ്തി മൂല്യം- ₹ 4,90,06,956/-

രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ - (-)₹ 5,66,72,046/-

### 1-1-7 എ.സി.ആർ പ്രകാരമുള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund Central Finance Commission Grant – Basic Grant ഇനത്തിൽ തൻവർഷത്തെ ചെലവിനായുള്ള ആകെ വരവ് ₹ 46,25,343/- എന്ന് കാണുന്നു. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള വരവും (₹ 2,56,814/-) ഈയിനത്തിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെട്ടിട്ടുള്ള തുകയും (₹ 43,68,540/-) ചേർന്ന് വരുന്ന തുക ₹ 46,25,354 മാത്രമാണ്.

### 1-1-8 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ട് ലഭ്യമാവാതിരുന്ന തുക ചെലവഴിച്ചു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Development Fund – Central Finance Commission Grant -Tied Fund (-)1,17,545/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-9 തെറ്റായ ഹെഡിൽ തുക വരവ് വെച്ചു

22.10.2022-ലെ 1220101815 നമ്പർ രസീത് പ്രകാരം KCMMF-ന്റെ മാനേജറിൽ നിന്നും മുൻവർഷങ്ങളിൽ ലൈസൻസ് ഒടുക്കിയതിൽ കുറവ് വന്ന ₹10,000/- ഈടാക്കിയിട്ടുണ്ട്. ഈ തുക പ്രയർ പീരീഡ് ലൈസൻസ് ഫീ എന്ന ശർഷകത്തിൽ വരവെട്ടുക്കേണ്ടതിനു പകരം Recovery From Others – Audit Recovery എന്ന ശീർഷകത്തിലാണ് വരവ് വെച്ചിരിക്കുന്നത്.

### 1-1-10 വാർഷിക കണക്കിൽ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പന്റീച്ചറിൽ അസാധാരണമായ വർദ്ധനവ്

മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-1 പ്രകാരം പഞ്ചായത്തിന്റെ മുൻകാലങ്ങളിലെ ആകെ Excess Of Income Over Expenditure (-)90,94,141.70 രൂപ മാത്രമായിരുന്നു. എന്നാൽ തൻവർഷത്തെ മാത്രം Excess Of Income Over Expenditure (-)2,97,74,649 രൂപയാണ്. അസാധാരണമായ വർദ്ധനവിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-11 ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയില്ല

പദ്ധതി ചെലവ് പത്രിക പ്രകാരം തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ആകെ 26,06,661/-രൂപ ചെലവുള്ളതായി കാണുന്നു. എന്നാൽ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം 9,57,920/-രൂപ മാത്രമാണ് ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വന്ന 16,48,741/-രൂപ (ആധുനീക ശ്മശാനത്തിനുള്ള അനുബന്ധ സൗകര്യത്തിനായി ചെലവഴിച്ചത്) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിലും ഉൾപ്പെട്ടു വന്നിട്ടില്ല.

### 1-1-12 വാർഷിക കണക്കിനൊപ്പം B1 Schedule ലഭ്യമാക്കിയില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 22.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 25.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിരിക്കുന്നു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 34,62,07,085 | 32,65,44,559 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 20,29,64,443 | 23,28,22,038 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,18,21,320 |
| വരവ് | 5,87,21,517 |
| ആകെ | 8,05,42,837 |
| ചെലവ് | 5,24,42,348 |
| നീക്കിയിരിപ്പ് | 2,81,00,489 |

### 1-4 ഗ്രാന്റ് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ. പ്രോജക്ട് | പ്രോജക്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 43,98,919 | 2,10,72,081 | 2,54,71,000 | 43,98,919 | 2,10,69,698 | 2,383 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,38,378 | 22,62,622 | 26,01,000 | 3,38,378 | 22,62,622 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 27,899 | 1,08,101 | 1,36,000 | 27,899 | 97,584 | 10,517 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ട്രഷറി | 0 | 0 | 15,28,214 | 15,28,214 | - | 9,01,556 | 6,26,658 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ബാങ്ക് | 0 | - | 64,91,000 | 64,91,000 | - | 66,08,545 | (-)1,17,545 (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ട്രഷറി | 0 | 0 | 3,46,257 | 3,46,257 | 0 | 3,46,257 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ബാങ്ക് | 89,474 | - | 43,28,000 + 1,62,376 (പലിശ) | 45,79,850 | - | 42,79,097 | 3,00,753 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 57,13,000 | 57,13,000 | 0 | 57,12,910 | 90 (ലാപ്സായി) |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 0 | 69,43,000 | 69,43,000 | 0 | 69,33,012 | 9,988 (ലാപ്സായി) |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 2,10,72,081 | 2,54,71,000 |
| ചെലവ് | 2,54,68,617 | 2,54,68,617 |
| നീക്കിയിരിപ്പ് | (-)43,96,536 | 2,383 |

2. വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 22,62,622 | 26,01,000 |
| ചെലവ് | 26,01,000 | 26,01,000 |
| നീക്കിയിരിപ്പ് | (-)3,38,378 | 0 |

3. വികസന ഫണ്ട് (റ്റി.എസ്.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1,08,101 | 1,36,000 |
| ചെലവ് | 1,25,483 | 1,25,483 |
| നീക്കിയിരിപ്പ് | (-)17,382 | 10,517 |

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)

മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, ഈയിനത്തിലുള്ള ബാങ്ക് ചാർജ് ചെലവിൽ ഉൾപ്പെടുത്താതിരുന്നത് മൂലവും വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 89,474 |
| വരവ് | 46,74,257 | 46,74,257 |
| പലിശ | 0 | 1,62,376 |
| ആകെ | 46,74,257 | 49,26,107 |
| ചെലവ് | 46,25,343 | 46,25,354 |
| നീക്കിയിരിപ്പ് | 48,914 | 3,00,753 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 125 | 20,28,36,233 | 100 | 7,84,85,824 | 4 | 21 | 80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,171 | 18,96,916 | 19,01,087 | 19,01,087 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 8,77,63,800 | 8,77,63,800 | 8,77,63,800 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 4,171 | 8,96,60,716 | 8,96,64,887 | 8,96,64,887 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 77,46,400 | 750 |
| വിധവാപെൻഷൻ | 94,98,400 | 980 |
| വാർദ്ധക്യകാലപെൻഷൻ | 1,90,30,200 | 2264 |
| വികലാംഗപെൻഷൻ | 44,59,800 | 435 |
| അവിവാഹിതപെൻഷൻ | 8,71,800 | 89 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.7.2023 തീയതിയിൽ 03:00 P.M ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,438/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സാമൂഹ്യക്ഷേമ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ പേര് യഥാസമയം ഡേറ്റാ ബേസിൽ നിന്നും സസ്പെന്റ് ചെയ്യാത്തത് മൂലം അനർഹമായ കാലയളവിലേയ്ക്കും പെൻഷൻ അനുവദിക്കപ്പെടുന്നു.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. പൊതു ടാപ്പുകളുടെ സംയുക്തപരിശോധനയിൽ തുടർ നടപടികൾ വൈകുന്നതിനാൽ അധിക ചെലവിന് കാരണമാകുന്നു. ഇത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 സി, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം തൊഴിലുടമയോടോ പ്രതിനിധിയോടോ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പുന്നപ്ര വെസ്റ്റ് ക്ഷീരോത്പ്പാദക സഹകരണ സംഘം A143(D)യിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിട്ടുണ്ടെങ്കിൽ രസീത് നം., തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/13.07.23)ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല തുക അടച്ചിട്ടുണ്ടെങ്കിൽ രസീത് നം, തീയതി, ലൈസൻസ് നം., എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/14.07.23) ലഭ്യമാക്കിയ മറുപടി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മാവേലി സ്റ്റോർ

മെഡിക്കൽ ട്രസ്റ്റ്

പാർവ്വതി പ്രിന്റേഴ്സ്

ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. പുന്നപ്ര ശാഖയിൽ 23.5.2019 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38476335081). പ്രസ്തുത അക്കൗണ്ടിൽ 20.8.2019 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളത്. 14.2.23-ൽ പ്രസ്തുത അക്കൗണ്ടിൽ 2,82,115/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസി. എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് മാറ്റി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

20.8.2019 വരെയുള്ള കാലയളവിലെ ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക പൂർണ്ണമായും തിരികെ

ലഭ്യമാക്കിയിട്ടുള്ള പക്ഷം ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19.07.2023) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടതായും, നീക്കിയിരുപ്പ് തുക പഞ്ചായത്തിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 സാമൂഹ്യക്ഷേമപെൻഷൻ അനർഹമായ കാലയളവിൽ വിതരണം നടത്തി

1) പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു. അനർഹമായ കാലയളവിലേക്ക് നൽകിയ തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/രജി.തീയതി | അനർഹമായ കാലയളവ്/ | തുക |
|---|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ, പുത്തൻപുരയ്ക്കൽ, പുന്നപ്ര | ഇന്ദിരാഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ 104490201609 | 18.4.2022/10.5.2022 | 5/2022 മുതൽ 3/2023 വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു(Indian Overseas Bank 196701000004888 (IOBA0001967)) | 6,600 |

2) പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്റ്റ് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

സഹകരണ ബാങ്കുകൾ വഴി (ഡയറക്റ്റ് ടു ഹോം)

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊന്നമ്മ തിരുകണ്ടൻപറമ്പ്, പുന്നപ്ര | വാർദ്ധക്യകാല പെൻഷൻ 104490200689 | 8.4.2022/ 18.06.2022 | 4,800/- | 3/2022 മുതൽ 5/2022 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2 | തോമസ്, ശോഭനാനിവാസ്, പുന്നപ്ര | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104490200311 | 8.6.2022/14.11.2022 | 6,400/- | 6/2022 മുതൽ 9/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 3 | ചെല്ലമ്മ, പോളയിൽ,പുന്നപ്ര | കർഷക തൊഴിലാളി പെൻഷൻ 104490100242 | 16.5.2022/6.8.2022 | 8,000/- | 2/2022 മുതൽ 6/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 4 | രാജമ്മ, ആലിശ്ശേരിൽ, പുന്നപ്ര | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 104490600116 | 18.2.2022/18.6.2022 | 6,400/- | 2/2022 മുതൽ 5/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 5 | തങ്കമ്മ, എസ്.എം.കോളനി, പുന്നപ്ര | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 18/5/2022 /6.8.2022 | 3,200/- | 5/2022 മുതൽ 6/2022 വരയെുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

മുകളിൽ സൂചിപ്പിച്ചവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/19.07.23) ലഭ്യമാക്കിയി മറുപടി പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കൾക്ക് അക്കൌണ്ടിൽ ക്രെഡിറ്റായ അനർഹമായ പെൻഷൻ തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

1-14 വെള്ളക്കരം വൻ തുക കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം നൽകുന്നതിനായി പ്രതിമാസം 571 ടാപ്പുകൾക്കായി 2,75,412/- രൂപ വീതം പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. തൻവർഷം 30,29,532/-രൂപ വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ട്. 4.2.2023-ലെ ബിൽ നം.70957 പ്രകാരം 29,82,192/- രൂപ കുടിശ്ശികയുണ്ട്. ഈ ബിൽ പ്രകാരമുള്ള ഫൈൻ 58,496/- രൂപയാണ്. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ, സംയുക്ത പരിശോധന നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും പഞ്ചായത്തിന്റെ വികസന ഫണ്ടിലെ വിവിധ പദ്ധതികൾ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയതിന്റെ

അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതുടാപ്പുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/20.07.23) ലഭ്യമാക്കിയ മറുപടി പ്രകാരം ആകെയുള്ള 17 വാർഡുകളിൽ 15 വാർഡുകളിൽ 7.03.2022-ൽ സംയുക്ത പരിശോധന നടന്നിട്ടുള്ളതാണ്. ബാക്കിയുണ്ടായിരുന്ന 2 വാർഡുകളിൽ ഒരു വർഷത്തിനുശേഷം (ഈ കാലയളവ് മുഴുവൻ 571 ടാപ്പുകൾക്കായി 2,75,412/- രൂപ വീതം പ്രതിമാസം അടവാക്കേണ്ടി വന്നു.)05/2023 ലാണ് സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്. ഇതു പ്രകാരം നിലവിൽ 450 ടാപ്പുകൾ ജിയോ ടാഗ് ചെയ്തിട്ടുള്ളതാണെന്ന് 13.06.2023-ൽ അറിയിച്ചിട്ടുണ്ട്. ജല ജീവൻ പദ്ധതി പ്രകാരം എല്ലാ വീടുകൾക്കും കുടിവെള്ളം ലഭ്യമാക്കുവാനും, പഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളും (450 ടാപ്പുകളും) പൂട്ടുന്നതിനും കുടിവെള്ള ബിൽ പൂർണ്ണമായും ഒഴിവാക്കുന്നതിനും 1916/2023A(5) തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് അൺടൈഡ് ഫണ്ടിൽ നിന്നും തുക അനുവദിച്ചു

ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിനത്തിൽ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന് ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ മുഖേന ലഭിച്ച തുക 64,91,000/-രൂപയാണ്. എന്നാൽ ഈ ഫണ്ടിൽ നിന്നും തൻവർഷം വിവിധ പദ്ധതികൾക്കായി ആകെ 66,08,545/-രൂപ ചെലവഴിച്ചിട്ടുണ്ട്. ലഭ്യമായ തുകയേക്കാൾ 1,17,545/-രൂപ അധികമായി ചെലവഴിച്ചു. ധനകാര്യ കമ്മീഷൻ ടൈഡ്, അൺടൈഡ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരേ ബാങ്ക് അക്കൗണ്ട് ഉപയോഗിക്കുന്നതിനാൽ അൺടൈഡ് ഫണ്ടിൽ നിന്നുള്ള തുകയിൽ നിന്നും അധിക ചെലവിനായുള്ള തുക പിൻവലിക്കപ്പെടുകയാണുണ്ടായത്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. അധികം ചെലവഴിച്ച തുക തുടർവർഷം ക്രമീകരിക്കേണ്ടതാണ്.

## 1-16 ഐ.കെ.എം വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.45/2023

പ്രോജക്ടിന്റെ പേര്. ഐ.കെ.എം വിഹിതം

അടങ്കൽ- വികസന ഫണ്ട് -1,00,000/-രൂപ

ചെലവ്- 1,00,000/-രൂപ

ട്രഷറി ബിൽ നം. 13 തീ.13.09.2022

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 1,00,000/-രൂപ (ഒരു ലക്ഷം രൂപ) ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീയതി 15.07.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (1,00,000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-17 ആശ്വാസമേകാത്ത ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ., പുന്നപ്ര ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 67002880938) വർഷങ്ങളായി ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2023)നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 3,692/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ

തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/11.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകേണ്ടതും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അത് അർഹരായവർക്ക് അനുവദിക്കേണ്ടതുമാണ്.

1-18 വിവിധ തോടുകളുടെ നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു

വിവിധ തോടുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെയാണ്. 2017-ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവൃത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ പുതുക്കിയ GST നിരക്കനുസരിച്ച് 12% മാണ് പ്രസ്തുത പ്രവൃത്തിയ്ക്ക് അനുവദനീയം. ഇവിടെ നടത്തിയിട്ടുള്ള പ്രവൃത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 12% ജി.എസ്.റ്റിയാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 18% GST അനുവദിച്ചതുമൂലം 61,854/- രൂപയുടെ അധികചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-19 മുൻകൂർ തുക നൽകി - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 19/23 |
| പ്രോജക്ടിന്റെ പേര് | : | ആയുഷ് എൻ.എച്ച്.എം-ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ചെലവ് തുക | : | 3,00,000/- |
| ബിൽ നമ്പർ | : | 3/16.9.22 |

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000/- രൂപ തൻ വർഷം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയ്ക്ക് മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 2,76,735/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 135/29.5.23 | 1,84,423 |
| 2 | 407/30.6.23 | 92,312 |
| ആകെ | | 2,76,735 |

ലഭിക്കുവാൻ ശേഷിക്കുന്ന 23,265/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ

ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/11.7.23)മെഡിക്കൽ ഓഫീസർ, ഹോമിയോ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-20 ലൈഫ് ഭവന നിർമാണ പദ്ധതി - ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷം ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ 4 ഗുണഭോക്താക്കളും 2021-22 സാമ്പത്തിക വർഷം ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ 1 ഗുണഭോക്താവും ഭവന നിർമാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

അറവുകാട് സർക്കിൾ

1. മത്സ്യ തൊഴിലാളി വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | തങ്കമണി, ദൈവപുരയ്ക്കൽ, വാർഡ്-15 | 40,000 | 24.05.2021 |
| 2 | റോബർട്ട്, മകത്തേടത്ത്, വാർഡ്-1 | 40,000 | 24.03.2021 |

2. പട്ടികജാതി വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മായ മഹേശൻ, മായാ സദനം, വാർഡ്-6 | 40,000 | 18.08.2021 |

പുന്നപ്ര തെക്ക് സർക്കിൾ

3. ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | അൻസിൽ, ചില്ലാമഠം, വാർഡ്-7 | 40,000/- | 02.08.2021 |
| 2 | തങ്കമ്മ, സി.എം.എസ് കോളനി, വാർഡ്-2 | 40,000/- | 03.11.2022 |

മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിനു ശേഷം ഭവന നിർമാണം പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 19.07.2023) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

അറവുകാട് സർക്കിൾ

മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ തങ്കമണി, ദൈവപുരയ്ക്കൽ, റോബർട്ട്, മകത്തേടത്ത് എന്നിവരും, പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട് ആനുകൂല്യം കൈപ്പറ്റിയ മായ മഹേശൻ, മായാ സദനം എന്നവരും അടിത്തറ നിർമിച്ചിട്ടുള്ളതാണ്. ഇവരിൽ തങ്കമണി, ദൈവപുരയ്ക്കൽ, മായ മഹേശൻ, മായാ സദനം എന്നിവരെ പഞ്ചായത്തിൽ വിളിച്ച് ഭവന നിർമാണം തുടരാനാവശ്യമായ നടപടി

സ്വീകരിക്കുന്നതാണെന്നറിയിച്ചു. റോബർട്ട്, മകത്തേടത്ത്, വാർഡ്-1 എന്ന ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയതിനു ശേഷം അനർഹനാണെന്നു കണ്ടെത്തിയതിനാൽ ടിയാന് നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

പുന്നപ്ര തെക്ക് സർക്കിൾ

ആനുകൂല്യം കൈപ്പറ്റിയ അൻസിൽ, ചില്ലാമഠം, വാർഡ്-7 എന്ന വ്യക്തി നാളിതു വരെയായും നിർമാണം ആരംഭിച്ചിട്ടില്ലാത്തതാണ്. ടിയാളെ പഞ്ചായത്തിൽ വിളിച്ച് ഭവന നിർമാണം തുടരാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. തങ്കമ്മ, സി.എം.എസ് കോളനി എന്ന ഗുണഭോക്താവ് അടിത്തറ നിർമിച്ചിട്ടുള്ളതാണെങ്കിലും ടിയാളുടെ വസ്തു സംബന്ധമായ തർക്കം കോടതിയിൽ നിലനിൽക്കുന്നതിനാൽ തുടർ നിർമാണം സാധിക്കാത്ത അവസ്ഥയിലാണെന്നറിയിച്ചു.

ഭവന നിർമാണം പൂർത്തീകരിക്കുവാൻ തത്പരരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദേശം നല്കി ഭവന നിർമാണം പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമാണം തുടരാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതുമാണ്. ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്ന സംഗതികളിൽ നിലവിലുള്ള സർക്കാർ നിർദേശ പ്രകാരമുള്ള പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വസ്തു സംബന്ധമായി കോടതിയിൽ തർക്ക വിഷയത്തിൽ നിൽക്കുന്ന ഗുണഭോക്താവിന്റെ സംഗതിയിൽ കോടതി വിധിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 വയോജനങ്ങൾക്ക് കട്ടിൽ -പദ്ധതിയിലെ അപാകതകൾ

വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച്

അടങ്കൽ - 3,55,690

ചെലവ് - 3,53,280

ബിൽ നമ്പർ - 23-22-23/28.03.2023

വയോജനങ്ങൾക്ക് കട്ടിൽ പദ്ധതിയിലുൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 3,53,280/- രൂപ ചെലവഴിച്ച് 92 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.എസ്.ടി. ഉൾപ്പെടെ കട്ടിലൊന്നിന് 3,840/- രൂപയ്ക്ക് നൽകാമെന്നറിയിച്ച ഭരത്റാം ഏജൻസി, ചേർത്തല എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 07.10.2022 തീയതിയിലെ തീരുമാനം നം. 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. ഇല്ലാതെയുള്ള ബില്ലാണ് സ്ഥാപനം ഹാജരാക്കിയിട്ടുള്ളത്. 40 ലക്ഷത്തിൽ താഴെ മാത്രം വിറ്റുവരവുള്ളതിനാൽ സ്ഥാപനത്തിന് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലെന്നുള്ള സത്യവാങ്മൂലം ഹാജരാക്കുകയാണുണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/15.07.2023) നിർവ്വഹണോദ്യോഗസ്ഥയായ ഐസിഡിഎസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ മേൽ സ്ഥാപനത്തെ ജി.എസ്.ടി-യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്ന് നേരിട്ട് അന്വേഷിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാണെന്ന് പറഞ്ഞിരിക്കുന്നു. ഇപ്രകാരം നികുതി ഉൾപ്പെടെയുള്ള ടെണ്ടർ തുകയ്ക്ക് അംഗീകാരം നൽകുകയും ആയത് ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

മതിയായ രേഖകളുടെ അഭാവത്തിലാണ് പല ഗുണഭോക്താക്കൾക്കും കട്ടിൽ നൽകിയിട്ടുള്ളത്. മുൻനിശ്ചയിച്ചിരുന്ന പല ഗുണഭോക്താക്കളും കട്ടിൽ ആവശ്യമില്ലെന്ന നിലയിലും വീട്ടിൽ സ്ഥലമില്ലാത്തതിന്റെ പേരിലും പിന്മാറിയതായി രേഖകളുണ്ട്. തുടർന്ന് അപ്രകാരം പിന്മാറിയ ആളുകളുടെ സ്ഥാനത്ത് മറ്റു പലർക്കായി ഏതാനും ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ ശുപാർശയിന്മേൽ കട്ടിലുകൾ വിതരണം ചെയ്തിരിക്കുന്നതായും കാണുന്നു. അങ്ങനെ വിതരണം ചെയ്തിട്ടുള്ള ഗുണഭോക്താക്കളെ സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ച രീതിയും വ്യക്തമല്ല. ഇക്കാര്യത്തിൽ മുൻഗണനാപട്ടികയുടെ ക്രമത്തിലല്ല കട്ടിൽ വിതരണം ചെയ്തിട്ടുള്ളതെന്നും പട്ടികയിൽ മുൻപിലുണ്ടായിരുന്ന ചിലർ കട്ടിൽ ആവശ്യമില്ലെന്ന് രേഖാമൂലം എഴുതിത്തന്നതിന്റെ അടിസ്ഥാനത്തിലാണ് താഴെയുള്ളവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. കൃത്യമായ നിലയിൽ ആവശ്യകത നിർണ്ണയിച്ച് വിവേചനരഹിതമായി

ആനുകൂല്യം വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

1-22 ബ്ലോക്ക് / ജില്ലാ പഞ്ചായത്തിൽ നിന്നും മുൻകാലങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതവശേഷിക്കുന്നു

മുൻകാലങ്ങളിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ താഴെപ്പറയുന്ന തുകകൾ നാളിതു വരെയായും ചെലവഴിക്കാതവശേഷിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക |
|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | ലൈഫ് പട്ടികജാതി | 40,129 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | ലൈഫ് ജനറൽ | 1,75,600 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | പാലിയേറ്റീവ് | 16 |
| ആകെ | | | 2,15,745 |
| ജില്ലാപഞ്ചായത്ത് | 2018-19 | ലൈഫ് പട്ടികജാതി | 87,343 |
| ജില്ലാപഞ്ചായത്ത് | 2018-19 | ലൈഫ് ജനറൽ | 330 |
| ആകെ | | | 87,673 |

മേൽ തുകകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയോ അതത് സ്ഥാപനങ്ങൾക്ക് തിരികെ നല്കുകയോ ചെയ്യേണ്ടതാണ്.

1-23 ഇടവിള കിറ്റ് - വിതരണരേഖകൾ അപൂർണ്ണം-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 92/22-23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേയ്ക്ക്-ഇടവിള കൃഷി വികസനം

അടങ്കൽ -6,19,650

ചെലവ് - 6,19,650

മേൽ പദ്ധതി പ്രകാരം 729 ഗുണഭോക്താക്കൾക്ക് ഇടവിള കിറ്റും വേപ്പിൻപിണ്ണാക്കും വിതരണം ചെയ്തതായി അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച വിതരണ രജിസ്റ്റർ അപൂർണ്ണമായി കാണുന്നു. 729 ഗുണഭോക്താക്കളിൽ 213 പേർ ആനുകൂല്യം കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/20.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധമായ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 213 ഗുണഭോക്താക്കൾക്ക് 850/- രൂപ വീതം ചെലവായ 1,81,050/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 അനുപൂരക പോഷകാഹാര പരിപാടി-അപാകതകൾ

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കാക്കാഴം-നീർക്കുന്നം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വക നീതി സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ

പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ലൈകോ സ്റ്റോറുകളുടെ NAC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ലൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും CWDO/PO/CDPO/ICDS സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലുമൊരാൾ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്ന സ്ഥാപനങ്ങൾക്ക് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉണ്ടായിരിക്കണമെന്നും സർക്കുലറിൽ നിഷ്കർഷിക്കുന്നു. കൂടാതെ പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികളിൽ 2023 മാർച്ച് മാസം വിതരണം ചെയ്ത 1484 കിലോ അമൃതം ന്യൂട്രിമിക്സ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.05/14.07.2023) ഐസിഡിഎസ് സൂപ്പർവൈസർ നൽകിയ മറുപടിയിൽ അങ്കണവാടികളിലേയ്ക്ക് സാധനങ്ങൽ വാങ്ങുന്ന നീതിസ്റ്റോറിന് ഫുഡ് ആന്റ് സേഫ്റ്റി വകുപ്പിന്റെ അംഗീകാരം ഉണ്ടെന്നും 2023 ജനവരി മാസം മുതൽ വിലനിലവാര പരിശോധന നടത്തുന്നുണ്ടെന്നും അറിയിച്ചു. 2023 മാർച്ച് മാസം വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി നൽകുകയുണ്ടായി. അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടുന്ന ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. കൂടാതെ മേൽ സർക്കുലറിൽ പറഞ്ഞിട്ടുള്ള നിലയിൽ ഓരോ മാസവും വാങ്ങുന്ന സാധനങ്ങളുടെ വിലനിലവാരവും ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-25 തനത് വരുമാന വർദ്ധനയ്ക്കായി സ്വീകരിച്ച നടപടികൾ- അവലോകനം

I ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി വിലയിരുത്തുന്നുണ്ട് (30.8.22, 25.10.22, 27.1.23, 15.2.23, 9.3.23 നടന്ന യോഗങ്ങൾ). വസ്തു നികുതി ഒഴികെയുള്ളവ കൃത്യമായി സമാഹരിക്കുന്നുണ്ട് എന്നാൽ 9.3.23-ലെ മിനിട്സ് പ്രകാരം വസ്തു നികുതി 70% മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ തീരദേശ വാർഡുകളിലെ CRZ മേഖലയിൽ വരുന്ന വാസഗൃഹങ്ങളിൽ KCZMA അധികൃതരുടെ അനുമതി ലഭിക്കാത്തവയെ അനധികൃത കെട്ടിടമായി കണക്കാക്കി മൂന്നിരട്ടി നികുതി ചുമത്തപ്പെട്ടതു മൂലം വലിയ നികുതിഭാരമാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തീരദേശവാസികളുടെ മേൽ വന്നിട്ടുള്ളത്. ആയത് പിരിച്ചെടുക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് മൂലമാണ് ഈ മേഖലയിലെ വസ്തു നികുതി കുടിശ്ശികയായി വരുന്നത്.

കുടിശ്ശിക നിവാരണത്തിനായി വാർഡ് തലങ്ങളിൽ ക്യാമ്പ് സംഘടിപ്പിക്കുകയും, ആയതിന്റെ പ്രചാരണത്തിനായി അനൌൺസ്മെന്റ് പോലുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുതിയ തനത് വരുമാനമേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റി മുൻപോട്ടുവെച്ചിട്ടില്ല.

01.04.2023-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 6.5.2023-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിഗണിക്കുകയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശയോടെ 27.05.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 2(1) നമ്പർ തീരുമാന പ്രകാരം താത്കാലികമായി നിശ്ചയിച്ച വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് മേഖല തരംതിരിവ്, റോഡ് നിശ്ചയിക്കൽ എന്നിവ സംബന്ധിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ആയവ സംബന്ധിച്ച് അന്തിമ വിജ്ഞാപനം ചെയ്യുന്നതിന് 22.07.2023-ലെ കമ്മറ്റിയിൽ അജണ്ട വെച്ചിട്ടുള്ളതാണ്, എന്നാണ് ഇതു സംബന്ധിച്ച നല്കിയ എൻക്വയറിക്ക് (നം.11/19.7.23) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ

പൂർത്തീകരിക്കുകയോ, പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഡിമാന്റ് നോട്ടീസിൽ പുതുക്കിയ നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിൽ നികുതി (01.04.2023 മുതലുള്ളത്) ഈടാക്കാൻ സാധിക്കും എന്നാണ് അറിയിച്ചിട്ടുള്ളത്.

വസ്തു നികുതി

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും ILGMS വരവും താഴെ സൂചിപ്പിക്കുന്ന പ്രകാരം പൊരുത്തപ്പെടുന്നില്ല എന്നു കാണുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| Residential Building (Arrears) | 3,57,044 | 3,58,926 |
| Residential Building (Current) | 19,23,616 | 19,31,167 |
| Non Residential Building (Arrears) | 27,353 | 27,417 |
| Non Residential Building (Current) | 19,22,575 | 19,24,858 |

പഞ്ചായത്തിന്റെ വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനോടനുബന്ധിച്ച് വസ്തുനികുതി നിരക്കുകളിൽ ഇളവുകളും, വർദ്ധനവും മേഖലകളുടെ തരംതിരിവിന്റേയും അടിസ്ഥാനത്തിൽ മാറ്റം ഉണ്ടാകുമെന്ന് 21.6.2023-ലെ എസ്-സി4-3200/2023 നം. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 27.05.2023-ലെ 2(1)-ാം നം. തീരുമാനപ്രകാരം മേഖല തരം തിരിവും, റോഡ് ലിസ്റ്റുകളും താൽക്കാലികമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്, നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ എന്നിവ കണ്ടെത്തുന്നത്. 28.11.2022-ലെ ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പ്രകാരം 60 ച മീ താഴെയുള്ളതും പൊളിച്ചു കളഞ്ഞതുമായ കെട്ടിടങ്ങളുടെ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ കണക്കിലെടുത്ത് അസെസ്മെന്റ് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്ത് സഞ്ചയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്, ക്രമവൽക്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ എല്ലാം തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. KCZMA, NHAI, റെയിൽവേ എന്നിവിടങ്ങളിൽ നിന്നും NOC ലഭ്യമാക്കാത്തവയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ്

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

III സേവന ഉപനികുതി

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. ഭരണസമിതി തീരുമാനമെടുത്ത് ആയത് ഈടാക്കി വരുമാന വർദ്ധനവുവരുത്താവുന്നതാണ്

തൊഴിൽ നികുതി

സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. സ്ഥപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്തുകയാണ് ചെയ്യുന്നത്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനായുള്ള സ്ഥാപനങ്ങൾ കൃത്യമായി ലൈസൻസ് ഫീസ് ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

ഉദാ : -

| ഉടമസ്ഥൻ | കെട്ടിട നം. | സഞ്ചയ പ്രകാരം ഉപയോഗക്രമം |
|---|---|---|
| ചാലൂക്യ ഗ്രേസ് ടൂർസ് പ്രൈവറ്റ് ലിമിറ്റഡ് | 5/356/, 5/357, 5/358,5/359, 5/359A | റിസോർട്ട് |

വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസോട് കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

തുക അടച്ചിട്ടുണ്ടെങ്കിൽ രസീത് നം., തീയതി, ലൈസൻസ് നം., എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.13/19.07.23-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനം 2018-ലെ പ്രളയത്തിനു ശേഷം പ്രവർത്തിക്കാത്തതിനാലാണ് 2022-23 ലെ ലൈസൻസ് എടുക്കാതിരുന്നത് എന്നറിയിച്ചിരിക്കുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ നിലവിലെ ഉപയോഗക്രമം എന്താണെന്ന് വ്യക്തമല്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ തോടുകളുടെ നവീകരണം - എർത്ത് വർക്ക് പ്രവർത്തിയ്ക്ക് ഉയർന്ന നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | : 120/23 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | : വിഷ്ണുദാസ് കെ.സി. |
| ഫയൽ നം. | : 62378/2022 |
| എഗ്രീഡ് പിഎസി | : 10,67,034/- |
| പ്രവ്യത്തി മൂല്യം | : 10,30,899/- |
| ബിൽ നം. | : 22/29.3.23 – 652466/- (Part Bill) |

വിവിധ തോടുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവ്യത്തിക്ക് കരാറുകാരന് തുക അനുവദിച്ചത് 18% GST ഉൾപ്പെടെയാണ്. 2017ലെ CGST ആക്ട് സെക്ഷൻ 2 ക്ലോസ് 119 പ്രകാരം (കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (ഡിപ്പാർട്ട്മെന്റ് ഓഫ് റെവന്യൂ) 13.10.2017-ലെ നോട്ടിഫിക്കേഷൻ നം.31/2017) കരാർ പ്രവ്യത്തി മൂല്യത്തിന്റെ 75%ൽ അധികം എർത്ത് വർക്കാണെങ്കിൽ 5% GST മാത്രമാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Composit Supply Of Works Contract As Defined In Clause 119 Of Sec 2 Of The CGST Act 2017 Involving Predominantly Earth Work Ie, Constituting More Than 75% Of The Value Of Work In Contract Provided To Central Government, State Govt., Union Territory, Local Authority, A Govt. Authority Or A Govt. Entity GST Will Be Applicable On 5%). നിലവിലെ പുതുക്കിയ GST നിരക്കനുസരിച്ച് 12% മാണ് പ്രസ്തുത പ്രവ്യത്തിയ്ക്ക് അനുവദനീയം.

ഇവിടെ നടത്തിയിട്ടുള്ള പ്രവ്യത്തിയിൽ 100% എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 12% ജി.എസ്.റ്റി.യാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 18% GST അനുവദിച്ചതുമൂലം താഴെ പറയും പ്രകാരം അധികചെലവ് വന്നിട്ടുണ്ട്.

| ഇന വിവരം | നൽകിയത് | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവ്യത്തിമൂല്യം | 1030899 | 1030899 | |
| (+) ജി.എസ്.റ്റി | (18%) 185562 | (12%) 123708 | |
| ആകെ | 1216461 | 1154607 | 61854 |

പ്രസ്തുത തോടുകളുടെ നവീകരണത്തിന്റെ ഭാഗമായി 6912 $M^3$ മണലും, ചെളിയുമാണ് നീക്കം ചെയ്തിട്ടുള്ളത്. പ്രസ്തുത മണൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6.2.23-ലെ 1(13) നം. തീരുമാനപ്രകാരം വിവിധ സ്ഥലങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. ടി മണലിൽ ലേലം ചെയ്യുവാൻ യോഗ്യമായ മണൽ / ചെളി എന്നിവയുടെ സ്റ്റാക്ക് വിവരം രേഖപ്പെടുത്തുകയോ, ലേല നടപടികൾ സ്വീകരിച്ചതായോ ഫയലിൽ കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/22-23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും, പ്രവ്യത്തി വഴി ലഭിച്ച മണലിൽ 55% ത്തോളം വേയ്സ്റ്റ് ആയിരുന്നെന്നും, ലേലം നടത്തുവാൻ സാധിക്കുന്ന മണൽ/ചെളി എന്നിവയുടെ അളവുകൾ രേഖപ്പെടുത്തി സെക്രട്ടറിയെ അറിയിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്രമ വിരുദ്ധമായി ചെയ്ത 61,854/- രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 40,129 | ലൈഫ് പട്ടികജാതി | 0 | 40,129 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 1,75,600 | ലൈഫ് ജനറൽ | 0 | 1,75,600 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 16 | പാലിയേറ്റീവ് | 0 | 16 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 7,66,598 | അനുപൂരക പോഷകാഹാര പദ്ധതി | 7,66,598 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 2,37,235 | ലൈഫ് എസ്സ സി അഡീഷണൽ | 2,37,235 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 13,60,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 13,60,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 3,74,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,74,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 2,40,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം സ്ഥലം വാങ്ങൽ ജനറൽ | 2,40,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 60,000 | ലൈഫ് ഫിഷറീസ് ഭവന നിർമ്മാണം | 60,000 | 0 |
| ആകെ ബ്ലോക്ക്പഞ്ചായത്ത് | | | | 30,37,833 | 2,15,745 |
| ജില്ലാപഞ്ചായത്ത് | 2018-19 | 87,343 | ലൈഫ് പട്ടികജാതി | 0 | 87,343 |
| ജില്ലാപഞ്ചായത്ത് | 2018-19 | 330 | ലൈഫ് ജനറൽ | 0 | 330 |
| ജില്ലാപഞ്ചായത്ത് | 2022-23 | 1,97,920 | അനുപൂരക പോഷകാഹാര പദ്ധതി | 1,97,920 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1,60,000 | ലൈഫ് ഫിഷറീസ് ഭവന നിർമ്മാണം | 1,60,000 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 4,20,000 | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 4,20,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1,80,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,80,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 16,48,741 | ആധുനീക ശ്മശാനത്തിന് അനുബന്ധ സൗകര്യങ്ങൾ | 16,48,741 | |
| ആകെ ജില്ലാപഞ്ചായത്ത് | | | | 26,06,661 | 87,673 |

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം ഹഡ്കോ വായ്പ | G.O. (MS)No.2278/ LSGD Dt.18.08.2018 | 1,47,40,000 | 1,61,66,000 | 36,26,396 | - | 2,72,79,604 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-7 | 2008-09 | 3.5.6 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് | മറുപടി ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | റിവോൾവിംഗ് ഫണ്ട് നൽകൽ | |
| 2016-17 | 2-1 | 2017-18 | 1.3.2 | വസ്തു നികുതി നിർണ്ണയം | മറുപടി ലഭ്യമായിട്ടില്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,87,21,517 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,24,42,348 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 61,854 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,81,050 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 61,854 | ശ്രീമതി പ്രിയ കെ.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 61,854 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,00,000 | ശ്രീമതി ബിജി എസ്., സെക്രട്ടറി |

| | | |
|---|---|---|
| 1-23 | 1,81,050 | ശ്രീ.ജഗനാഥൻ,<br>കൃഷി ഓഫീസർ |
| ആകെ | 2,81,050 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രിയ കെ.എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പുന്നപ്ര തെക്ക് പഞ്ചായത്ത് | കരിശ്ശുപറമ്പിൽ, ബീച്ച് വാർഡ്,<br>ബസാർ പി.ഒ., ആലപ്പുഴ |
| ശ്രീമതി ബിജി എസ്.,<br>സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം<br>വടക്ക് പഞ്ചായത്ത് | ഐശ്വര്യ, തിരുവമ്പാടി പി.ഒ.,<br>ആലപ്പുഴ |
| ശ്രീ.ജഗനാഥൻ, കൃഷി<br>ഓഫീസർ | കൃഷി ഓഫീസർ, പുന്നപ്ര<br>തെക്ക് പഞ്ചായത്ത് | ജഗനാഥ് ഡയറി കോമ്പൗണ്ട്,<br>പിച്ചു അയ്യർ ജംഗ്ഷൻ, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2002-03 | എൽ.എഫ്.ജി.എ5-1832/2011/20.1.12 (ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ജി.എ5-1832/2011/20.1.12 |
| 2006-07 | എൽ.എഫ്.എ.പി.9/109/2008/18.11.08 |
| 2007-08 | കെ.എസ്.എ.എ.എൽ.പി.പി8/1284 /2022/28.04.2023 |
| 2008-09 | |
| 2009-10 | |
| 2010-11, 11-12 | |
| 2012-13 | |

| | |
|---|---|
| 2013-14, 14-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ.എ.എൽ.പി-പി8/356 /2022/27.03.2022 |
| 2020-21 | കെ.എസ്.എ.എ.എൽ.പി-പി8/541 /2022/18.06.2022 |
| 2021-22 | കെ.എസ്.എ.എ.എൽ.പി-പി8/177 /2023/23.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(7) dated 19-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Punnapra South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Punnapra South Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Punnapra South Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1).The following Mandatory financial statements prescribed in accounting rules are not submitted for audit.

a).Ratios

b).Notes to accounts

2).Cash flow statement Net Increase/Decrease in cash flow [Rs.(-)5354446] does not match with the difference between the opening balance and closing balance of of cash and cash equivalents [Rs.6279169].

3). Non transfer of unpaid cheques to Stale cheque liability account

| Sl No. | Cheque No./Date | Amount |
|---|---|---|
| District Co-operative Bank, Punnapra | | |
| 1 | 034667/27.12.2022 | 240 |
| 2 | 034669/27.12.2022 | 200 |
| Treasury- LGTSB Account | | |
| 1 | 5228487 / 30.4.2022 | 61630 |

4).Collection amount shown in Demand Register of Property Tax does not match with Financial Statement.

5).Lapses in making timely and accurate demand entry in-respect of Taxes and Non Taxes revenue.

6).Accumulated depreciation provided for Assets (Roads and Bridges) more than its book value.

Total Book value of the asset (Roads & bridges)- 49006956/-

Accumulated depreciation - (-) 56672046/-

7).Amount mismatch with Appropriation Controll Register. (Central Financial Commission Grant- Basic Grant)

8). Diversion of fund (Amount expended from Central Finance Commission- Basic Grant instead of Central Finance Commission- Tied Grant)

9). Amount posted in wrong head of account (Amount received for the purpose of License Fees has been wrongly posted under the Head of account of Audit Recovery)

10). Unnatural increase in Excess of Income over Expenditure.

11. Non-recording of Capital contribution entry (An amount of Rs.1648741/- received from District Panchayath has not been accounted in capital contribution)

12.B.1 Schedule has not been submitted along with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്